**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ :1920

07.03.2017-ൽ
മറുപടിക്ക്

## പോലീസ് സേനയുടെ നവീകരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ**<br>**" എം. നൗഷാദ്**<br>**" പി.ടി.എ. റഹീം**<br>**" പി.കെ.ശശി** | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** | |
| (എ) | സംസ്ഥാന പോലീസിനെ നവീകരിക്കാനും ജനസൗഹൃദമാക്കാനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; | (എ) | പോലീസ് സേനയെ നവീകരിക്കുന്നതിനും ജനസൗഹൃദമാക്കാനും ജനമൈത്രി പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും, സ്ത്രീകൾക്കും കുട്ടികൾക്കും നിർഭയമായി പോലീസ് സ്റ്റേഷനുകളിൽ ചെന്ന് അവരുടെ ആവലാതികൾ ബോധിപ്പിക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ ഹെൽപ് ഡെസ്കുകളും, മുതിർന്ന പൗരൻമാരെയും, ഒറ്റയ്ക്ക് താമസിക്കുന്നവരേയും സഹായിക്കുന്നതിനായി സീനിയർ സിറ്റിസൺ ഹെൽപ് ഡെസ്കുകളും, പൊതു സ്ഥലങ്ങളിലും യാത്രക്കിടയിലും സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും, സഹായം നൽകുന്നതിന് പിങ്ക് പട്രോളിംഗ്, വനിതാ ഹെൽപ് ലൈൻ എന്നിവയും പ്രവർത്തിച്ചു വരുന്നു. ശാസ്ത്രീയമായ കേസന്വേഷണത്തിനായി മോഡേൺ ഇൻവെസ്റ്റിഗേഷൻ കിറ്റുകളും മറ്റും ലഭ്യമാക്കിയിട്ടുണ്ട്. പോലീസിനെ നവീകരിക്കുന്നതിന്റേയും ആധുനികവത്കരിക്കുന്നതിന്റേയും ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ FIR രജിസ്റ്റർ ചെയ്യുന്നതിനും കേസുകളുടെ അന്വേഷണത്തിനുമായി CCTNS പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തപാലുകൾ കൈകാര്യം ചെയ്യുന്നതിനായി iAPS പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് സ്വഭാവദൂഷ്യം ആരോപിക്കപ്പെടുകയും ക്രിമിനൽ പ്രവർത്തനത്തിൽ ഏർപ്പെടുകയും ചെയ്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തി മാതൃകാപരമായി നടപടി സ്വീകരിക്കുമോ? | (ബി) | കുറ്റക്കാരാണെന്ന് കണ്ടവർക്കെതിരെ നിയമാനുസരണമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | വ്യക്തിഹത്യ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ? | (സി) | വ്യക്തിഹത്യ ഉൾപ്പെടെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി സൈബർ സെല്ലിന്റെ നേതൃത്വത്തിൽ സ്കൂൾ, കോളേജ് തലങ്ങൾ കേന്ദ്രീകരിച്ചും, പൊതുജനങ്ങൾക്കായും ബോധവത്ക്കരണ ക്ലാസുകൾ നടത്തിയും, ഇത്തരം കുറ്റകൃത്യങ്ങളുടെ ഗൗരവത്തെപ്പറ്റിയും അവ ചെയ്താലുള്ള ശിക്ഷകളെപ്പറ്റിയും ബോധവാൻമാരാക്കുകയും ചെയ്യുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിലേക്കായി സൈബർ സെല്ലിന്റെ സഹായത്തോടു കൂടി അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്ത് വരുന്നു. |

സെക്ഷൻ ഓഫീസർ